# ANSWER KEY
# SSLC MODEL EXAMINATION FEBRUARY 2019 SOCIAL SCIENCE
## (MALAYALAM)

1. വിശ്വേശ്വരയ്യ അയൺ ആൻഡ് സ്റ്റീൽ വർക്ക് ലിമിറ്റഡ് (VISL)

2. സർവ്വ് ബാങ്ക് ഓഫ് ഇന്ത്യ

3. ചൗരി ചൗരാ സംഭവം

4. പ്ലേറ്റോ.

5. മൺസൂൺ മഴയും ഇടവിട്ട് ഉഷ്ണവും അനുഭവപ്പെടുന്ന പ്രദേശം.

6. <u>ഖാരിഫ്</u>
- വേലിയിറക്ക കാലം ജൂൺ (മൺസൂണിനെ ആരംഭം)
- വിളവെടുപ്പുകാലം നവംബർ ആദ്യവാരം (മൺസൂണിനെ അവസാനം)
- പ്രധാനവിളകൾ, നെല്ല്, ചോളം, തെറ്റ് തിന വിളകൾ, ചണം, കരിമ്പ്, നിലക്കടല

<u>റാബി</u>
- വെളി ഇറക്കൽ കാലം നവംബർ മധ്യം (ശൈത്യകാല ആരംഭം)
-വിളയെടുപ്പ് കാലം മാർച്ച് (വേനലിനെ ആരംഭം)
- പ്രധാനവിളകൾ, ഗോതമ്പ് പുകയില, കടുക്, ചെറു വർഗ്ഗങ്ങൾ

7. - സോഷ്യൽ സർവ്വേ
- അഭിമുഖം
- നിരീക്ഷണം
- കേസ്റ്റഡി

8. - വീട്ടിൽനിന്ന തന്നെ ലോകത്തെവിടെയും പണം അയക്കാനും ബില്ലുകൾ അടയ്ക്കാനും കഴിയും.
- കുറഞ്ഞ സമയം മതിയാകും
- ഇതിനുള്ള സർവീസ് ചാർജ് കുറവാണ്

9. ട്രാൻസ് ഹിമാലയം
- കാറക്കോറം, ലഡാക്ക്, സസ്കർ എന്നീ പർവ്വതനിരകൾ ചേർന്നത്.
- ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മൗണ്ട് K2 ഗോഡ്വിൻ ഓസ്റ്റിൻ സ്ഥിതിചെയ്യുന്ന
-ശരാശരി ഉയരം 6000 മീറ്റർ

10. -രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് നിർവഹിക്കേണ്ട ചുമതലകളാണ് വിവേചന ചുമതലകൾ.
- വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതം സാധ്യമാക്കാൽ എന്നിവയെല്ലാം രാഷ്ട്രത്തിന്റെ വിവേചന ചുമതലകളാണ്.

11. ഡക്കാൻ എഡ്യൂക്കേഷൻ സൊസൈറ്റി - മഹാദേവ ഗോവിന്ദ റാനഡെ
വിശ്വഭാരതി സർവ്വകലാശാല - രവീന്ദ്രനാഥടാഗോർ

BIJU K, HSA SOCIAL SCIENCE, GHS TUVVUR

ജാമിഅ മില്ലിയ ഇസ്ലാമിയ - ഡോക്ടർ സക്കീർഹുസൈൻ
കേരള കലാമണ്ഡലം - വള്ളത്തോൾ നാരായണമേനോൻ

12. മാനവവിഭവശേഷി വികസനത്തിന്റെ വ്യത്യസ്ത തലങ്ങൾ
- വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.
- കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.
- വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം, പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.
- രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.

13. മൗണ്ട് ബാറ്റൺ പദ്ധതി
- ഇന്ത്യയെ വിഭജിക്കാതെ അധികാരകൈമാറ്റം സാധ്യമല്ലെന്ന് വാദിച്ച മൗണ്ട് ബാറ്റൺ പ്രഭു ഇന്ത്യാവിഭജനത്തിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണ് മൗണ്ട് ബാറ്റൺ പദ്ധതി.

നിർദ്ദേശങ്ങൾ
- മുസ്ലിംകൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കേണ്ടതാണ്.
- പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടത്.
- വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാലിൽ ചേർക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തുന്നതാണ്.
- ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു-മുസ്ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തി നിർണ്ണയ കമ്മീഷനെ നിയമിക്കുന്നതാണ്.

14. <u>ശിപായിമാരുടെ ദുരിതങ്ങൾ</u>
- തുച്ഛമായ ശമ്പളവും ബ്രിട്ടീഷ് ഉദ്യോഗസ്ഥരിൽ നിന്ന് നേരിട്ട് അവഹേളനവും ശിപായിമാരുടെ അസംതൃപ്തി കാരണമായി.
- സൈനികർക്ക് പുതിയതായി നൽകിയ എൻഫീൽഡ് തോക്കുകളിൽ ഉപയോഗിക്കുന്ന തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പാണ് ഉപയോഗിക്കുന്നതെന്ന പ്രചാരണം അവരെ പ്രകോപിപ്പിച്ചു.
- ഹിന്ദുക്കളും മുസ്ലീങ്ങളുമായ സൈനികരുടെ മതവികാരത്തെ വ്രണപ്പെടുത്തിയത് സൈനികരെ ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ പ്രേരിപ്പിച്ചു.

<u>രാജാക്കന്മാരുടെ പ്രശ്നങ്ങൾ</u>
- ദത്തവകാശ നിരോധന നയം, ദുർഭരണം കുറ്റം എന്നിവ ആരോപിച്ച് ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങളെ പിടിച്ചടക്കി
- ഇത് രാജാക്കന്മാരെ കലാപം നയിക്കാൻ പ്രേരിപ്പിച്ചു.

16. - 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു
- ബഹിരാകാശ വിക്ഷേപണ വാഹനങ്ങൾ നിർമ്മിച്ചു (SLV, PSLV)
- ഉപഗ്രഹങ്ങൾ നിർമ്മിക്കാനും വിക്ഷേപിക്കാനും കഴിവുള്ള ഏക വികസ്വര രാഷ്ട്രമാണ് ഇന്ത്യ.
- ഇന്ത്യയുടെ ചന്ദ്ര പര്യവേഷണ ദൗത്യം ചന്ദ്രയാൻ 2008 ഒക്ടോബർ തുടക്കംകുറിച്ചു.
- ഇന്ത്യൻ ബഹിരാകാശ വകുപ്പിന്റെ ചൊവ്വാദൗത്യത്തിന്റെ പേരാണ് മംഗൾയാൻ.
- ഇന്ത്യ വികസിപ്പിച്ച മിസൈലുകളാണ് അഗ്നി, പൃഥ്വി എന്നിവ.

OR

<u>മലബാറിൽ നടന്ന നിയമലംഘനപ്രസ്ഥാനം</u>

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

- 1930-കളിൽ നിയമലംഘന പ്രസ്ഥാനം മലബാറിൽ ശക്തമായി.
- കെ കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരിലും മുഹമ്മദ് അബ്ദുറഹിമാന്റെ നേതൃത്വത്തിൽ കോഴിക്കോട്ടും ഉപ്പുനിയമം
  ലംഘിച്ച് ഉപ്പുണ്ടാക്കി.
- വിദേശ വസ്ത്രബഹിഷ്കരണം, മദ്യഷാപ്പ് പിക്കറ്റിങ്ങ് , ഖാദി പ്രചാരണം എന്നിവയെല്ലാം നിയമലംഘനത്തിന്റെ
  ഭാഗമായി നടന്നു.

17. (a) പശ്ചിമവാതങ്ങൾ - പോഷണ ഉച്ചമർദ്ദം മേഖലകളിൽനിന്നും (30 ഡിഗ്രി അക്ഷാംശങ്ങളിൽ നിന്നും) ഉപധ്രുവീയ
  ന്യൂനമർദ്ദ മേഖലകളിലേക്ക് (60 ഡിഗ്രി അക്ഷാംശ ങ്ങളിലേക്ക്) വീശുന്നു.
( b) വാണിജ്യവാതങ്ങൾ - ഉപോഷണ ഉച്ചമർദ്ദ മേഖലകളിൽനിന്നും (30 ഡിഗ്രി അക്ഷാംശങ്ങളിൽ നിന്നും) മധ്യരേഖാ
  ന്യൂനമർദ്ദ മേഖലകളിലേക്ക് (പൂജ്യം ഡിഗ്രി അക്ഷാംശ ങ്ങളിലേക്ക്) വീശുന്നു.
(c) ധ്രുവീയ വാദങ്ങൾ- ധ്രുവീയ ഉച്ചമർദ്ദം (90 അക്ഷാംശം)മേഖലകളിൽനിന്നും ഉപധ്രുവീയ ന്യൂനമർദ്ദം (60 ഡിഗ്രി
  അക്ഷാംശം)മേഖലകളിലേക്ക് വീശുന്നു.

OR

| | സൂര്യന്റെ ആപേക്ഷിക ചലനം | ആപേക്ഷിക ചലനം |
|---|---|---|
| (i) | *മാർച്ച് 21 മുതൽ ജൂൺ 21 വരെ* | *ഭൂമധ്യരേഖയിൽ നിന്നും ഉത്തരായനരേഖ യിലേക്ക്* |
| (ii) | ഡിസംബർ 22 മുതൽ വരെ | ദക്ഷിണായനരേഖ യിൽ നിന്നും ഭൂമധ്യരേഖ യിലേക്ക് |
| (iii) | സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | *ഭൂമധ്യരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്ക്.* |

18. ഇന്ത്യയിൽ ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനസംഘടനയിലേക്ക് നയിച്ച ഘടകങ്ങൾ.
- തെലുങ്ക് സംസാരിക്കുന്ന വർക്കായി ആന്ധ്രപ്രദേശ് സംസ്ഥാനം രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് പോറ്റി ശ്രീരാമലു
  നിരാഹാരം സമരം നടത്തി മരണപ്പെട്ടത്.
- 1953 ആന്ധ്ര പ്രദേശ് സംസ്ഥാനത്തിന്റെ രൂപീകരണം
- തുടർന്ന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം വേണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ സമരം
  ശക്തമായത്.
- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ സംഘടിപ്പിക്കുന്നതിനായി സംസ്ഥാന പുനസംഘടനാ കമ്മീഷന്റെ
  രൂപീകരണം.
- ഫസൽ അലി അധ്യക്ഷനും എച്ച് എൻ കുൻസ്രു കെ എം പണിക്കർ എന്നിവർ അംഗങ്ങളായിരുന്നു.
- ഈ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956 ൽ ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമം പാർലമെൻറ്
  പാസാക്കി.

OR

<u>കേരളത്തിലെ ആധുനിക വ്യവസായങ്ങളുടെ ഉദയം</u>
- ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ് കേരളത്തിൽ ആധുനിക വ്യവസായങ്ങൾ സ്ഥാപിക്കപ്പെടുന്നത്.
- ഇവയിൽ ഭൂരിഭാഗവും സ്ഥാപിക്കപ്പെട്ടത് തിരുവിതാംകൂറിലും കൊച്ചിയിലും ആയിരുന്നു.
-തിരുവിതാംകൂറിലെ ഭരണാധികാരികൾ ആധുനിക വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളാണ് സ്വീകരിച്ചത്.
- ബ്രിട്ടീഷുകാർ വ്യവസായങ്ങൾക്ക് ആവശ്യമായ സാങ്കേതിക - സാമ്പത്തിക സഹായങ്ങൾ നൽകി.
- പള്ളിവാസൽ വൈദ്യുത നിലയം സ്ഥാപിക്കപ്പെട്ടത് ദിവസങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തി.

BIJU K, HSA SOCIAL SCIENCE, GHS TUVUR

19. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ.

- ശ്രേണി പരമായ സംഘാടനം:- ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിൽ വരും തോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി
- സ്ഥിരത :- ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത പ്രായം വരെ സേവനകാലാവധി ഉണ്ടായിരിക്കും.
- യോഗ്യത അടിസ്ഥാനമാക്കി നിയമനം:- വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത്.
- രാഷ്ട്രീയ നിഷ്പക്ഷത :- ഏതു രാഷ്ട്രീയ കക്ഷി അധികാരത്തിൽ വന്നാലും നയങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്.
- വൈദഗ്ധ്യം :- ഓരോ ഗവൺമെൻറ് ഉദ്യോഗസ്ഥനും തിരുരങ്ങാടി തങ്ങൾ നിർവഹിക്കേണ്ടുന്ന തൊഴിലിൽ വൈദഗ്ധ്യമുള്ളവരായിരിക്കും.

OR

പൊതു സമൂഹം നേരിടുന്ന പ്രശ്നം.

1. ജലക്ഷാമം

പരിഹാരമാർഗ്ഗങ്ങൾ

- ജലം കാര്യക്ഷമതയോടെ കൂടി ഉപയോഗിക്കുക
- മഴവെള്ളം സംഭരിക്കുക.
- മഴക്കുഴികൾ നിർമിക്കുക.
- വനങ്ങൾ സംരക്ഷിക്കുക.
- വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.

2. പരിസരമലിനീകരണം

പരിഹാരമാർഗ്ഗങ്ങൾ

- ഉറവിടങ്ങളിൽതന്നെ മാലിന്യസംസ്കരണം നടത്തുക.
- മരങ്ങൾ വച്ചുപിടിപ്പിക്കുക.
- പ്ലാസ്റ്റിക്കിനെ ഉപയോഗം കുറയ്ക്കുക.
- പ്ലാസ്റ്റിക് ഖരമാലിന്യങ്ങൾ അടിക്കാതിരിക്കുക, അലക്ഷ്യമായി ഇടാതിരിക്കുക.

20. ധന നയത്തിന്റെ ലക്ഷ്യങ്ങൾ.

- രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുക.
- സാമ്പത്തിക സ്ഥിരത കൈവരിക്കുക.
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക.
- സാമ്പത്തിക ഭദ്രത നിലനിർത്തുക

OR

ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം

ഘടന

- ജില്ലാതലത്തിൽ പ്രവർത്തിക്കുന്നു.
- പ്രസിഡണ്ടും 2 അംഗങ്ങളും
- ഒരംഗമെങ്കിലും വനിത.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

അധികാരം
- 20 ലക്ഷം രൂപവരെയുള്ള ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്താവിന് പരാതി സ്വീകരിച്ച് തെളിവെടുപ്പ് നടത്തിയ തീർപ്പ് കൽപ്പിക്കുന്നു.

21 ഉപഗ്രഹ ചിത്രങ്ങൾ
- കൃത്രിമ ഉപഗ്രഹങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്കാനറുകൾ വിവിധ വസ്തുക്കളെ spectral സിഗ്നേച്ചർ into അടിസ്ഥാനത്തിൽ
തിരിച്ചറിഞ്ഞ് വിവരങ്ങൾ സംഖ്യ രൂപത്തിൽ ഭൂതല കേന്ദ്രത്തിലേക്ക് അയക്കുന്നു
- അവ കമ്പ്യൂട്ടറിന്റെ സഹായത്തോടെ വിശകലനം ചെയ്ത് ചിത്ര രൂപത്തിലാക്കുന്നു.

സ്പേഷ്യൽ റെസല്യൂഷൻ
- സെൻസറുകൾക്ക് ഭൗമോപരിതലത്തിലെ തിരിച്ചറിയാൻ കഴിയുന്ന ഏറ്റവുംചെറിയ വസ്തുവിന്റെ വലുപ്പമാണ് ആ സെൻസറിന്റെ സ്പെഷ്യൽ റെസല്യൂഷൻ.

OR

(i) 655325
(ii) കുഴൽ കിണർ
(iii) 6830
(iv) കോണ്ടൂർ രേഖകൾ

22. സെൻട്രൽ വിജിലൻസ് കമ്മീഷൻ
- അഴിമതി തടയുന്നതിന് ദേശീയതലത്തിൽ രൂപം നൽകിയ സ്ഥാപനം.
- കേന്ദ്ര ഗവൺമെൻറ് ഓഫീസുകളുമായി ബന്ധപ്പെട്ട അഴിമതി തടയുന്നതിന് വേണ്ടിയാണ് ഇതിന് രൂപം നൽകിയിട്ടുള്ളത്.
- സെൻട്രൽ വിജിലൻസ് കമ്മീഷന്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷണർ ഉണ്ടാകും.
- എല്ലാ വകുപ്പുകളിലും ഒരു വിജിലൻസ് ഓഫീസർ പ്രവർത്തിക്കുന്നു.
- വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയാണ് കമ്മീഷന്റെ ചുമതല.

ഓംബുഡ്സ്മാൻ
-ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതിയോ, സ്വജനപക്ഷപാതമോ, ചുമതലയിൽ വീഴ്ച വരുത്തുകയോ ചെയ്താൽ പരാതിപ്പെടാനുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ.
-സർവീസിൽ നിന്നും വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്.
-ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി ഓംബുഡ്സ്മാനെ സമീപിക്കാം

OR

പൗരബോധം രൂപീകരണത്തിൽ സാമൂഹ്യശാസ്ത്ര പഠനത്തിന്റെ പങ്ക്
- വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
- രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക- പാരിസ്ഥിതിക പ്രശ്നങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു.
- വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
- സമാധാനത്തിന്റെയും, സഹവർത്തിത്വത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നു .
- പൗരബോധത്തിന്റെ ഉത്തമമാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുകയും കർമ്മനിരതരാക്കുകയും ചെയ്യുന്നു.

23. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുകയോ കബളിപ്പിക്കപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങൾ.
- ഗുണമേന്മ ഇല്ലാത്ത സാധനങ്ങൾ വിൽക്കുന്നത്.
- മായം ചേർക്കുന്നത്.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

- അമിതവില ഈടാക്കുന്നത്.
- അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നത്.
- സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നത്.
- ഉപയോഗംമൂലം ജീവനും സ്വത്തിനും അപായം സംഭവിക്കുന്നത്.
- കാലാവധി കഴിഞ്ഞ് സാധനം വിൽക്കുന്നത്.
- നിർദ്ദേശിക്കുന്ന കാലം വരെ കഴിയാതെ വരുന്നത്.

OR

ഇന്ത്യയിലെ പ്രത്യക്ഷ നികുതികൾ

വ്യക്തിഗത ആദായ നികുതി: - വ്യക്തികളുടെ വരുമാനത്തിന് ചുമത്തുന്ന നികുതിയാണ് വ്യക്തിഗത ആദായ നികുതി.

- വരുമാനം കൂടുന്നതിനനുസരിച്ച് നികുതി നിരക്ക് കൂടുന്നു

കോർപ്പറേറ്റ് നികുതി: - കമ്പനികളുടെ അറ്റവരുമാനത്തിന്മേൽ അഥവാ ലാഭത്തിൽ ചുമത്തുന്ന നികുതിയാണിത്.

24. പ്രാദേശികസമയം:

- ഓരോ സ്ഥലത്തും സൂര്യൻറെ ഉച്ച നിലയെ ആധാരമാക്കി നിർണയിക്കുന്ന സമയമാണ് പ്രാദേശികസമയം.

സ്റ്റാൻഡേർഡ് സമയം :

- ഒരു രാജ്യത്തിന്റെ കേന്ദ്ര ഭാഗത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയിലെ സമയത്തെയാണ് സ്റ്റാൻഡേർഡ് സമയം എന്നറിയപ്പെടുന്നു.
- ഈ രേഖാംശരേഖയെ മാനകരേഖാംശം എന്നറിയപ്പെടുന്നു.

ഗ്രീനിച്ച് സമയം :

- പൂജ്യം ഡിഗ്രി രേഖാംശരേഖ ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നു.
- ഗ്രീൻസ് രേഖയിലെ പ്രാദേശിക സമയത്തെ ഗ്രീനിച്ച് സമയം എന്നറിയപ്പെടുന്നു.
- ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കപ്പെടുന്നത്.
-ഇന്ത്യയിലെ സമയം ഗ്രീനിച്ച് സമയത്തേക്കാൾ അഞ്ചര മണിക്കൂർ കൂടുതലായിരിക്കും.
- ഗ്രീനിച്ച് രേഖയിൽ രാത്രി 12 മണി ആയിരിക്കുമ്പോൾ ഇന്ത്യയിലെ സ്റ്റാൻഡേർഡ് സമയം

12.00 + 5.30 = 5.30 AM ആയിരിക്കും.

OR

മൺസൂൺ

-'മൗസിം, എന്ന അറബി പദത്തിന്റെ രൂപാന്തരമാണ് മൺസൂൺ.
- കാലത്തിനൊത്ത് ദിശ മാറുന്ന കാറ്റുകൾ എന്നതാണ് മൺസൂൺ എന്ന വാക്കിനർത്ഥം.
- ഒരു വർഷ കാലയളവിനുള്ളിൽ കാറ്റിന്റെ ഗതി വിപരീതമാകുന്ന പ്രതിഭാസമാണ് മൺസൂൺ.
- തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ രൂപപ്പെടുന്നതിൽ വാണിജ്യ വാദങ്ങൾക്ക് പ്രധാനമായ ഒരു പങ്കുണ്ട്.
- ജൂൺ ആദ്യവാരം ആകുമ്പോഴേക്കും ഇന്ത്യയുടെ ഉത്തരമഹാസമതലം വലിയ ഒരു ന്യൂന മർദ്ദ മേഖല രൂപപ്പെടുന്നു.
- ഈ ന്യൂനമർദ്ദമേഖലയിലേക്ക് ദക്ഷിണാർദ്ധഗോളത്തിൽ വീശുന്ന തെക്കുകിഴക്കൻ വാണിജ്യ വാദങ്ങളെ ആകർഷിക്കുന്നു.
- ഭൂമധ്യരേഖ മുറിച്ചുകടക്കുന്ന വാണിജ്യവാതങ്ങൾ ദിശാവ്യതിയാനം സംഭവിച്ചാണ് തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ ആയി മാറുന്നത്.

25. ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ.

കർഷകരുടെ ദുരിതങ്ങൾ:

- ബ്രിട്ടീഷുകാരും പലിശക്കാരും കർഷകരെ ചൂഷണം ചെയ്തു.

കൗശല തൊഴിലാളികളുടെ ദാരിദ്ര്യം:

- ബ്രിട്ടീഷുകാരുടെ ഫാക്ടറികളിൽ നിർമിച്ച ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണികളിൽ വ്യാപകമായതോടെ

BIJU K, HSA SOCIAL SCIENCE, GHS TUVVUR

ഇന്ത്യയിലെ
കരകൗശല തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെവരികയും അവരുടെ ജീവിതം വഴിമുട്ടികയും
ചെയ്തു.

<u>ശിപായിമാരുടെ ദുരിതങ്ങൾ</u>

- തുച്ഛമായ ശമ്പളവും ബ്രിട്ടീഷ് ഉദ്യോഗസ്ഥരിൽ നിന്ന് നേരിട്ട് അവഹേളനവും ശിപായിമാരുടെ അസംതൃപ്തി കാരണമായി.
- സൈനികർക്ക് പുതിയതായി നൽകിയ എൻഫീൽഡ് തോക്കുകളിൽ ഉപയോഗിക്കുന്ന തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പാണ് ഉപയോഗിക്കുന്നതെന്ന പ്രചാരണം അവരെ പ്രകോപിപ്പിച്ചു.
- ഹിന്ദുക്കളും മുസ്ലീങ്ങളുമായ സൈനികരുടെ മതവികാരത്തെ വ്രണപ്പെടുത്തിയത് സൈനികരെ ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ പ്രേരിപ്പിച്ചു.

<u>രാജാക്കന്മാരുടെ പ്രശ്നങ്ങൾ</u>

- ദത്തവകാശ നിരോധന നയം, ദുർഭരണം കുറ്റം എന്നിവ ആരോപിച്ച് ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങളെ പിടിച്ചടക്കി
- ഇത് രാജാക്കന്മാരെ കലാപം നയിക്കാൻ പ്രേരിപ്പിച്ചു.

25. <u>ഒന്നാം ലോക യുദ്ധം കാരണങ്ങൾ</u>

<u>സൈനിക സഖ്യങ്ങളുടെ രൂപീകരണം</u>

- ത്രികക്ഷി സഖ്യം: - ജർമ്മനി, ഓസ്ട്രിയ-ഹംഗറി, ഇറ്റലി
- ത്രികക്ഷി സൗഹാർദ്ദം: - ഇംഗ്ലണ്ട്, ഫ്രാൻസ് റഷ്യ

<u>തീവ്ര ദേശീയ പ്രസ്ഥാനങ്ങളുടെ രൂപീകരണം</u>

-പാൻസ്ലാവ് പ്രസ്ഥാനം
-പാൻ ജർമൻ പ്രസ്ഥാനം
-പ്രതികാര പ്രസ്ഥാനം

<u>സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധി</u>

-മൊറോക്കൻ പ്രതിസന്ധി
-ബാൾക്കൻ പ്രതിസന്ധി

<u>ആസ്ട്രിയൻ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനന്റിന്റെ കൊലപാതകം.</u>


OR

<u>ഫെബ്രുവരി വിപ്ലവം</u>

റഷ്യയിൽ തൊഴിലാളികളുടെ ദുരിതങ്ങൾക്ക് പരിഹാരം കാണാനായി തൊഴിലാളിസംഘടനകൾ രൂപീകരിച്ചു.
-<u>ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി</u> രൂപീകരിച്ചു.
-ഈ പാർട്ടി പിന്നീട് മെൻഷെവിക്കുകൾ (ന്യൂനപക്ഷം) എന്നും ബോൾഷെവിക്കുകൾ (ഭൂരിപക്ഷം) എന്നും രണ്ടായി പിരിഞ്ഞു
-ലെനിൻ ട്രോട്സ്കി തുടങ്ങിയവർ ബോൾഷെവിക് പാർട്ടിയുടെ നേതാക്കളും അലക്സാണ്ടർ കെറൻസ്കി മെൻഷെവിക്കുകളുടെ നേതാവുമായി.
-1905 ൽ നടന്ന റഷ്യ ജപ്പാൻ യുദ്ധത്തിൽ റഷ്യ പരാജയപ്പെട്ടത് പ്രതിസന്ധി രൂക്ഷമാക്കി.
-രാഷ്ട്രീയ അവകാശങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ടു തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത് 1905 ജനവരി 9 ന് പ്രകടനം നടത്തി .
-ഇതിനുനേരെ പട്ടാളം വെടിവെച്ചതിൽ നൂറുകണക്കിന് ആളുകൾ കൊല്ലപ്പെട്ടു.
-ഈ സംഭവം രക്തരൂക്ഷിതമായ ഞായറാഴ്ച എന്നറിയപ്പെടുന്നു.

BIJU K.K. HSA SOCIAL SCIENCE, GHS TUVUR

-ഈ കാലഘട്ടത്തിൽ റഷ്യയിൽ എമ്പാടും സമരങ്ങൾ സംഘടിപ്പിക്കുന്നതിനായി സോവിയറ്റുകൾ എന്നറിയപ്പെട്ട തൊഴിലാളി സംഘങ്ങൾ രൂപീകരിച്ചു.
-സമരം ശക്തമായതിനെ തുടർന്ന് ഡ്യൂമ എന്ന നിയമനിർമ്മാണസഭ രൂപീകരിക്കാൻ ചക്രവർത്തി നിർബന്ധിതനായി.
-1914 ഒന്നാം ലോക യുദ്ധം ആരംഭിച്ചതോടെ ഭൂമിയുടെ എതിർപ്പിനെ അവഗണിച്ച് സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ യുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.
-1917 ആയപ്പോഴേക്കും ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായി.
-മാർച്ച് എട്ടിന് ആയിരക്കണക്കിന് സ്ത്രീകൾ റൊട്ടിക്ക് വേണ്ടി പ്രകടനംനടത്തി.
-പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രതിഷേധ പ്രകടനം നടത്തി.
-സൈനികർ ആദ്യം ഈ പ്രകടനങ്ങളെ നേരിട്ടെങ്കിലും പിന്നീട് അവരും തൊഴിലാളികളോടൊപ്പം ചേർന്നു.
-ഒന്നാം ലോകയുദ്ധത്തിൽ തങ്ങൾ അനുഭവിച്ച ദുരിതങ്ങളാണ് സൈനികരെ പ്രധാനമായും ഇതിന് പ്രേരിപ്പിച്ചത്.
-പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു.
-നിക്കോളാസ് രണ്ടാമൻ സ്ഥാനം ഒഴിയുകയും റഷ്യയിൽ മെൻഷെവിക്ക് നേതാവായ അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെൻറ് നിലവിൽ വന്നു.
-ഇത് ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടുന്നു.
15.




GHS TUVUR